കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എം.പി.എം.7/2609/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.04-12-2018

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

എൽ. 12/18

നംകെ.എസ്.എ.എം.പി.എം.7/2609/18 തിയ്യതി:04-12-2018

## മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27/06/2017 മുതൽ 20/10/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ. എസ്. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-10-2018 മുതൽ 1-11-2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.സി.പി. അബ്ദുൽ സത്താർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ് പി ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.ഷാജഹാൻ ഖുറൈശി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.പ്രേമലത.കെ.പി | 01.04.2017മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ജോസ് പ്രകാശ്.ടി.ഐ അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 01.04.2017 മുതൽ 25.04.2017 FN വരെ |
| ശ്രീ.രാജീവ്.പികെ | 26.04.2017 AN മുതൽ 22.06.2017 വരെ |
| ശ്രീ.ടോമി ജോൺ | 23.06.2017 മുതൽ 31.03.2018 വരെ |

മറ്റ നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.രവി കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മനോജ്.കെ.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.യു.കെ. കാസിം | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മുഹമ്മദലി.എം | 01.04.2017 - 31.03.2018 |
| കൃഷി ഓഫീസർ | ശ്രീ.ഹംസ കുരിക്കൾ | 01.04.2017 -29.10.2017 |
| | ശ്രീമതി.ഫാത്തിമ ഷഹീന.കെ.എം | 30.10.2017- 31.03.2018 |
| മെഡിക്കൽ ഓഫീസർ | ഡോ. സലീം ലക്കൽ | 01.04.2017 – 18.04.2017 |

| | | |
|---|---|---|
| | | |
| | ഡോ. ആശാ കൃഷ്ണൻ (മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) കരുവാരക്കുണ്ട്) ചാർജ്ജ് | 19.04.2017 – 11.05.2017 |
| (പി.എച്ച്.സി) | ഡോ.സുനിൽ ജോയ്സ് | 12.05.2017 – 13.09.2017 FN |
| | ഡോ.മുനീർ ബാബു.എ.പി | 13.09.2017 AN– 17.12.2017 |
| | ഡോ.ലാൻസ്ലറ്റ് | 18.12.2017- 31.03.2018 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.മുഹമ്മദ് ബൈജു | 01.04.2017 – 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഉമ്മു കുൽസു.എം | 01.04.2017 – 06.09.2017 |
| | ശ്രീമതി.സലീല.എം | 07.09.2017– 31.03.2018 |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ലത.ടി | 01.04.2017 – 10.07.2017 – |
| | ശ്രീമതി.ജ്യോതിർമയി | 11.07.2017 – 31.03.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജോഷ്ന.കെ | 01.04.2017- 20.08.2017 |
| | ഡോ.റിതു.കെ തമ്പി | 21.08.2017- 16.11.2017 FN |
| | ഡോ.എൻ.കവിത | 16.11.2017 AN – 31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോസ് പ്രകാശ്.ടി.ഐ | 01.04.2017-03.07.2017 |
| | ശ്രീമതി.മഞ്ജു.ബി | 04.07.2017-31.01.2018 |
| | ശ്രീമതി.ടി.എൻ.പുഷ്പകുമാരി | 01.02.2018 -31.03.2018 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|

| | | |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല. |
| 14 | 2-2 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു. |

| | | |
|---|---|---|
| | | |
| 15 | 2-3 | തൊഴിൽ നികുതി ഈടാക്കിയില്ല. |
| 16 | 2-4 | ഡി & ഒ ലൈസൻസ് - അപാകതകൾ. |
| 17 | 2-5 | ഇ-ടെണ്ടർ – ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. |
| 18 | 2-6 | സ്വകാര്യ ആശുപത്രിക്ക് ലൈസൻസ് അനുവദിച്ചില്ല. |
| 19 | 2-7 | പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പട്ടികളെ വളർത്തുന്നു. |
| 20 | 2-8 | ബസ്സ്റ്റാന്റ് പരിപാലനത്തിലെ അപാകതകൾ |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | 3-1 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് |
| 22 | 3-2 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, വെള്ളക്കരം - സംയുക്ത പരിശോധന നടത്തി അടവു തുക പുനർ നിർണ്ണയിക്കേണ്ടതാണ്. |
| 23 | 3-3 | 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല |
| 24 | 3-4 | രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല - ചെലവു തുക 6,43,397 രൂപ തടസ്സം ചെയ്യുന്നു. |
| 25 | 3-5 | പരിരക്ഷ പദ്ധതി - അപാകതകൾ |

| | | |
|---|---|---|
| 26 | 3-6 | മരുന്നുകൾ ലഭ്യമായില്ല -ചെലവ് തുക തടസ്സം ചെയ്യുന്ന |
| 27 | 3-7 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 28 | 3-8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിൽ വരുത്തിയ പദ്ധതികളിലെ അപാകതകൾ |
| 29 | 3-9 | ഹാൻഡ് ഹെൽഡ് ബില്ലിംഗ് മെഷീൻ നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല. |
| 30 | 3-10 | കോഴി വിതരണം- അപാകതകൾ |
| 31 | 3-11 | കൃഷി ഭവനിലേക്ക് UPS- സ്റ്റോക്കിലെടുത്തില്ല. |
| 32 | 3-12 | കൃഷി ഓഫീസറുടെ പദ്ധതി നിർവഹണത്തിലെ അപാകതകൾ |
| 33 | 3-13 | ജലസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയില്ല. |
| 34 | 3-14 | ഷീ ടോയ്‌ലറ്റ് പ്രയോജനപ്പെടുത്തേണ്ടതാണ്. |
| 35 | 3-15 | മരാമത്ത് പ്രവൃത്തികൾ - ഒരവലോകനം |
| 36 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 37 | 4-2 | നിക്ഷേപ പ്രവർത്തികൾക്ക് (Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 39 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |

| | | |
|---|---|---|
| 40 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 41 | 4-6 | ഓഡിറ്റ് റിക്കവറി |
| 42 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 43 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 44 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 46 | Annexure 1 | Audit Certificate |
| 43 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ബജറ്റ് പുതുക്കിയ തീയ്യതി |
|---|---|
| 25.3.2017 ലെ തീരുമാനം നം-1(1) | 17.3.2018 ലെ തീരുമാനം (13) |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-7-2018 | 8-5-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11-6-18 മുതൽ 12-6-18 വരെ | കെ.എസ്.എ.എം.പി.എം7/1216/2018 തി.4-7-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,03,69,728 |
| വരവ് | 14,91,78,592 |
| ആകെ | 18,95,48,320 |
| ചെലവ് | 13,56,94,323 |
| നീക്കിബാക്കി | 5,38,53,997 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | - | 23910000 | 23910000 | 23906623 | 3377 |
| വികസന ഫണ്ട് (എസ്.സി.പി) | | - | 11862751 | 11862751 | 11285203 | 577548 |
| വികസനഫണ്ട് (ടി.എസ്.പി) | | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | - | 13004000 | 13004000 | 129806333 | 23367 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | - | 5348000 | 5348000 | 5344788 | 3212 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | - | 11229161 | 11229161 | 11219700 | 9461 |
| കെഎൽഎസ്ജിഡിപി | State | - | 720770 | 720770 | 529754 | 191016 |
| | Central | - | 4180069 | 4180069 | 3816662 | 363407 |
| ലിറ്ററസി (SMGB) | | 38857 | 365 | 39222 | 34800 | 4422 |

| | | | | | | |
|---|---|---|---|---|---|---|
| എസ്ബിടി ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | | 3203 | 130 | 3333 | - | 3333 |
| തനതു ഫണ്ട് | ബാങ്ക് | 15451742 | 27319528 | 42771270 | 16702103 | 26069167 |
| | ട്രഷറി | 24279446 | 60072013 | 84351459 | 57367603 | 26983856 |
| എസ് എം ജി ബി പശ്ചിമഘട്ട് വികസന പദ്ധതി | | 35643 | 1443 | 37086 | - | 37086 |
| ബി-ഫണ്ട് | | 0 | 75777780 | 75777780 | 75777780 | 0 |
| എസ്ബിടി എസ് എസ് എ | | 148404 | 5527 | 153931 | - | 153931 |
| ട്രഷറി ടി എസ് ബി ജോയന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 800000 | 800000 | 800000 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 775000 | 775000 | 773514 | 1486 |
| എംജിഎൻആർഇജിഎസ് | | 31095 | 9895679 | 9926774 | 9901587 | 25187 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 375 | 131082327 | 260 | 85734145 | 98 | 17 | 65.40% |

## 1-7 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 31095 | 928911 | 960006 | 934819 | 25187 |
| EFMS വഴി നൽകിയത് | 0 | 8966768 | 8966768 | 8966768 | 0 |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകൾ

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 12395700 | 1214 |

| | | | |
|---|---|---|---|
| 2 | തൊഴിൽ രഹിത വേതനം | 139680 | 234 |
| 3 | വിധവാ പെൻഷൻ | 24055900 | 2117 |
| 4 | വികലാംഗ പെൻഷൻ | 8621600 | 795 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1341700 | 118 |
| 6 | വാർദ്ധക്യകാല പെൻഷൻ | 27942200 | 2406 |
| 7 | സാധുക്കളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1260000 | 42 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-10-18 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5342 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.
2) വസ്തുനികുതി ഉൾപ്പെടെയുള്ള നികുതി നികുതിയേതര തനത് വരുമാനങ്ങളുടെ ഡിമാന്റ് കൃത്യമായി നിരീക്ഷിക്കുന്നില്ല.

3)പല സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

4) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യു ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

5) മാസ്റ്റർ ഇംക്യുബൻസി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.

6)സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ, വൗച്ചർ വിവരങ്ങൾ, വാങ്ങലുകളുടെ തീയതി, സാധനങ്ങൾ കൈപ്പറ്റിയവരുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

7)ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന ഔദ്യോഗിക ഫോറങ്ങളും രജിസ്റ്ററുകളും

സ്റ്റോക്കിലെടുത്തതിന്റെ വിവരം വൗച്ചറിൽ രേഖപ്പെടുത്തുന്നില്ല. സ്ഥാപനവുമായുള്ള മുൻകൂർ/ ബാക്കി ഇടപാടുകളുടെ കൃത്യമായ വിവരവും സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിൽ നിന്നും തുക കൈപ്പറ്റിയതിന് നിയമാനുസൃത രശീതിയും ലഭ്യമാക്കുന്നില്ല.

8)കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്റ്റോക്കിലെടുത്തതിന്റെ വിവരം വൗച്ചറിൽ രേഖപ്പെടുത്തുന്നുമില്ല.

9)സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയും കെട്ടിടങ്ങളുടേയും വ്യക്തമായ വിവരവും മറ്റു വാല്യൂബൾസിന്റെയും വിവരവും ലഭ്യമല്ല.

10) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

11) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

12)പഞ്ചായത്തിന്റെ വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

13) ഫയലിൽ കുറിപ്പുകളെഴുതുന്നതും, വൗച്ചറുകളും സബ്‌വൗച്ചറുകളും സൂക്ഷിക്കുന്നതിലും കുറച്ചു കൂടി ശ്രദ്ധ ചെലുത്തേണ്ടതാണ്.

14) ഓഫീസ് കോമ്പൗണ്ടിലും ഓഫീസിനകത്തും, വിട്ടു കിട്ടിയ സ്ഥാപനങ്ങളിലുമടക്കം വെറുതെ കിടക്കുന്ന ഫർണിച്ചർ, പാഴ്‌വസ്തുക്കൾ, മറ്റു വസ്തുക്കൾ എന്നിവ പുനരുപയോഗിക്കുകയോ കൈയൊഴിയുകയോ ചെയ്യേണ്ടതാണ്.

15) നഗര സ്വഭാവമുള്ള പഞ്ചായത്തായിട്ടും പാർക്കിംഗ്, ബസ് സ്റ്റാന്റ്, ഗതാഗതം തുടങ്ങിയ രംഗങ്ങളിൽ ഉള്ള ചുമതലകൾ നിറവേറ്റാൻ പ്രത്യേക ശ്രദ്ധ ചെലുത്തിക്കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25-9-18 | 8/18 | 25-9-18 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 14-8-12 | 2007-08 മുതൽ 2011-12 വരെ | 3-11-2012 |

## 1-12 ഓഡിറ്റ് സർട്ടിഫിക്കറ്റ് - അപാകതകൾ

2017-18 വർഷത്തെ വാർഷികകണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1 തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് എന്നീ ഡിമാന്റ് രജിസ്റ്ററുകൾ സംഗ്രഹം തയ്യാറാക്കി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2വസ്തു നികുതി ഡി സി ബി പത്രികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയില്ല.
3 മുൻ വാർഷികകണക്ക പ്രകാരം 18001 രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭിച്ച തുക ബാധ്യതയായി അവശേഷിക്കുന്നുണ്ട്. ഈ തുക ഇപ്പോഴും ചെലവഴിക്കാതെ കിടക്കുന്നുണ്ട്. കൂടാതെ SSA,WGDP എന്നീ ഇനങ്ങളിലും ചെലവുകളൊന്നും നടത്തിയിട്ടില്ല.
4 ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 335000 രൂപയും ഗുണഭോക്തൃ കമ്മിറ്റിക്ക് നൽകിയ 4951 രൂപയും നാളിതുവരെ ക്രമീകരിക്കാനായിട്ടില്ല എന്ന് മുൻവർഷ വാർഷികകണക്ക് താരതമ്യത്തിൽ നിന്നും വ്യക്തമാകുന്നു.
5 ആസ്തി രജിസ്റ്റർ കാലികമാക്കി,വാർഷികകണക്കുമായി പൊരുത്തപ്പെടാവുന്ന വിധം സൂക്ഷിക്കുന്നില്ല.
6 വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാന അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം രണ്ട് അപാകതകളിലെ ക്രമനമ്പർ 1,4 എന്നിവ പരിഹരിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല.

കാറ്റഗറി II പഞ്ചായത്തായ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടത്തിന് 11-04-2012 ൽ പെർമിറ്റ് അനുവദിച്ചു. 487.9$M^2$ തറ വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിനാണ് പെർമിറ്റ് അനുവദിച്ചത്. നിർമ്മാണം പൂർത്തിയായതിനു ശേഷം തറ വിസ്തീർണ്ണം 799.71$M^2$ ആയി വർദ്ധിച്ചതിനാൽ ചതുരശ്ര മീറ്ററിന് 10 രൂപ നിരക്കിൽ റഗുലറൈസേഷൻ ഫീ 11407100617 തീയതി 24-04-14 രസീതു പ്രകാരം 3120 രൂപ ഈടാക്കി. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും വീണ്ടും സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തറ വിസ്തീർണ്ണം 1659.39 $M^2$ ആണ് എന്ന് കണ്ടെത്തി എങ്കിലും അതു പ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ നമ്പർ, തരം | തറ വിസ്തീർണ്ണം ($m^2$) | | ഈടാക്കേണ്ട തുക | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| | | | പെർമിറ്റ് പ്രകാരം | പരിശോധനക്ക് ശേഷമുള്ള Completion പ്ലാൻ പ്രകാരം | | | |
| 1 | മോഹൻദാസ്.കെ S/O.ഗോവിന്ദൻ | 17/234.A, ഓഡിറ്റോറിയം | 799.71 | 1659.39 | 16593.9 | 7997.1 | 8596.8 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മൂസത് | | | | | | | |

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി കുറവായി നിർണ്ണയിച്ചു.

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ (ച.മീറ്ററിന്) പ്രകാരം 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 30/- രൂപയും, 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവക്ക് 50/- രൂപയുമാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള കെട്ടിടത്തിന് മേൽ നിരക്കിൽ വസ്തു നികുതി ചുമത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉടമസ്ഥൻ | കുട്ടശ്ശേരി കദീജ D/O മൊയ്തീൻ കുരിക്കൾ(Late) |
| കെട്ടിട നമ്പർ | 9/243(C) |
| അസസ്മെന്റ് തിയ്യതി | 22.06.2017 |
| ഉപയോഗം | വാണിജ്യം |
| പ്ലിന്ത് ഏരിയ | 100.05 ച.മീ |
| ഈടാക്കേണ്ട വസ്തു നികുതി | [100.05*50 (-20% കുറവ്+20% വർദ്ധനവ്)] + 5% LC = 5003 + 250 (LC) |
| ഈടാക്കിയ വസ്തു നികുതി | [100.05*10 (-20% കുറവ്+20% വർദ്ധനവ്)] + 5% LC = 1052 (117070101858 dt. 29-06-17) 1001 + 51 (LC) |
| കുറവ് | 4002 + 199 (LC) |

തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ജീവനക്കാർ എന്നിവരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരൻ | അർദ്ധവർഷം |
|---|---|---|---|
| 1. | BSNL പാണ്ടിക്കാട് | | $2^{nd}$ (സ്ഥാപന |

| | | | |
|---|---|---|---|
| | | | തൊഴിൽനികുതി) |
| 2. | പാണ്ടിക്കാട് സർക്കിൾ ഓഫീസ് | യൂസഫ്.സി (Inspector of police) | 2nd (ജീവനക്കാരുടെ തൊഴിൽ നികുതി) |
| 3. | വില്ലേജ് ഓഫീസ് വെട്ടിക്കാട്ടിരി | ജിനീഷ.സി.ഐ (ക്ലർക്ക്) | 2nd (ജീവനക്കാരുടെ തൊഴിൽ നികുതി) |
| 4. | ജി.എച്ച്.എസ്-പാണ്ടിക്കാട് | മുജീബ്.കെ(H.S.A) | 1st (ജീവനക്കാരുടെ തൊഴിൽ നികുതി) |
| | | സുബിൻ രാജ് എസ്.എസ്. (Physical education teacher) | |
| | | അജ്മൽ ബാബു.P.K(H.S.A) | |
| 5 | ജി.എൽ.പി.സ്കൂൾ വളരാട് | സുകേഷിനി.പി(H.M) | 1st(ജീവനക്കാരുടെ തൊഴിൽ നികുതി) |
| | | അനിത.കെ.ആർ (Assi teacher) | |
| | | നിർമ്മല.കെ.സി (Assi teacher) | |
| | | സിന്ധു.എം (Assi teacher) | |
| | | മുഹമ്മദ് അൻസാർ.കെ (അറബിക് ടീച്ചർ) | |
| | | താമി.ടി (പി.ടി.എസ്) | |
| 6 | തഹസിൽദാർ ഏറനാട് | ജോഷ്മ സേവ്യർ (വില്ലേജ് അസിസ്റ്റന്റ്) | 2nd (ജീവനക്കാരുടെ തൊഴിൽ നികുതി) |
| 7. | നിയോ ഹോസ്പിറ്റൽ പാണ്ടിക്കാട് | വിപിൻ കൃഷ്ണ (അക്കൗണ്ടന്റ്) | 1st(ജീവനക്കാരുടെ തൊഴിൽ നികുതി) |
| | | ജിജി (റിസപ്ഷനിസ്റ്റ്) | |
| 8. | R.R.Fപാണ്ടിക്കാട് | യു.ഷറഫലി (കമാഡന്റ് | 1st(ജീവനക്കാരുടെ തൊഴിൽ നികുതി) |
| | | സതീഷ് ചന്ദ്രൻ (Assi sub inspector) | 2nd(ജീവനക്കാരുടെ തൊഴിൽ നികുതി) |
| | | ഗോപാല കൃഷണപിള്ള (Armed police SI) | |
| | | വിജയൻ.പി (Armed police SI) | 2nd(ജീവനക്കാരുടെ തൊഴിൽ നികുതി) |

| | | | |
|---|---|---|---|
| | | ഗിരീഷ് കുമാർ.ജെ (Armed police SI) | |
| | | കുമാരൻ.സി.കെ (Armed police SI) | |
| | | സുരേഷ്.വി (Armed police SI) | |
| 9. | അപ്പൂസ് സിനി മൂവീസ് പാണ്ടിക്കാട് | | 2nd(സ്ഥാപന തൊഴിൽനികുതി) |

തൊഴിൽ നികുതി ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് - അപാകതകൾ.

1. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ 454 സ്ഥാപനങ്ങളാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (5) മറുപടിയായി 2018-19 സാമ്പത്തിക വർഷത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.സമയബന്ധിതമായി ലൈസൻസ് അനുവദിക്കുന്നില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായും പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസത്തിന് മുമ്പായും സമർപ്പിക്കേണ്ടതാകുന്നു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 26 സ്ഥാപനങ്ങൾക്ക് മാത്രമാണ് 28.02.2017 വരെ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എല്ലാ സ്ഥാപനങ്ങൾക്കും സമയബന്ധിതമായി ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും സമയബന്ധിതമായി ലൈസൻസ് അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത്

പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ശേഖരിച്ച് ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം-5)

## 2-5 ഇ-ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ 12 മരാമത്ത് പ്രവൃത്തികൾക്കായി ഇ ടെണ്ടർ മുഖേന അപേക്ഷ സമർപ്പിച്ച ടെണ്ടർ ഫോറത്തിന്റെ വില 40140 രൂപ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ അസി. സെക്രട്ടറി ഉൾപ്പെടെയുള്ള മറ്റു നിർവഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജെക്ടുകളിലെയും ഇ-ടെണ്ടർ ഫോറം ഇനത്തിൽ ലഭ്യമാകേണ്ട തുകയും തിരിച്ചു ലഭ്യമാക്കേണ്ടതാണ്.

## 2-6 സ്വകാര്യ ആശുപത്രിക്ക് ലൈസൻസ് അനുവദിച്ചില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളോട് ചേർന്ന 1-ാം പട്ടികയിൽ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പി.കെ.എം. ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിലെ 2017-18 കാലയളവിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2018-19 സാമ്പത്തിക വർഷം മുതൽ ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-7 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പട്ടികളെ വളർത്തുന്നു.

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ പട്ടികളെയോ പന്നികളേയോ വളർത്തുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വെറ്ററിനറി ഡിസ്പൻസറിയിൽ സൂക്ഷിക്കുന്ന വാക്സിനേഷൻ രജിസ്റ്ററിൽ 2017-18 വർഷത്തിൽ 13.06.2017 (ക്രമ നം.244 മുതൽ) തിയ്യതി മുതൽ 30.03.2018 വരെ (ക്രമ നം.262വരെ) 19 നായകൾക്ക് കുത്തി വെയ്പ്പ് എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 ലെ AFS പ്രകാരം Dog ലൈസൻസ് ഇനത്തിൽ 10 രൂപ മാത്രമേ വരവുള്ളൂ. ലൈസൻസ് ഇല്ലാത്ത പട്ടികൾക്കും കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (4) വെറ്ററിനറി ഡിസ്പൻസറിയിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും 2018-19 സാമ്പത്തിക വർഷത്തിൽ വാക്സിനേഷൻ രജിസ്റ്റർ പ്രകാരം ലൈസൻസ് എടുക്കാത്ത പട്ടികൾക്ക് ലൈസൻസ് അനുവദിക്കുന്നതാണ് എന്നും ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പിന്തുണ ലഭ്യമാക്കുന്നതാണ് എന്നും

അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ വളർത്തുന്ന എല്ലാ പട്ടികൾക്കും ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 ബസ്സ്റ്റാന്റ് പരിപാലനത്തിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് 227, 228, 225 എന്നീ വകുപ്പുകൾ, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കമതി സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ എന്നിവ പ്രകാരം പൊതുവായതും സ്വകാര്യ ഉടമസ്ഥതയിലും ഉള്ള സ്റ്റാന്റുകളും പാർക്കിംഗ് കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബസ്സ്റ്റാന്റിൽ ചട്ടം 8 പ്രകാരം പൊതു വിരാമ സ്ഥാനങ്ങളിൽ പ്രദർശിപ്പിക്കേണ്ട നോട്ടീസ് പ്രദർശിപ്പിച്ചിട്ടില്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്വകാര്യ പാർക്കിങ്ങ് ഏരിയകൾ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചതെങ്കിലും ആയത് വസ്തുതാ വിരുദ്ധമാണ്. ഇത്തരം കേന്ദ്രങ്ങൾക്ക് നിയമാനുസൃത ലൈസൻസുകൾ അനുവദിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്തിന്റെ അധീനതയിൽ ബസ്സ്റ്റാന്റ് പ്രവർത്തിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ലേല രജിസ്ററർ പ്രകാരം ബസ് സ്റ്റാന്റ് ലേലം ഇനത്തിൽ 1,21,600 രൂപയുടെ വരവുണ്ട്. പഞ്ചായത്ത് അധീനതയിലുള്ള ബസ്സ്റ്റാന്റിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് നല്കിയ തുകകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ചെലവിനം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| പാണ്ടിക്കാട് ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്തതിന് കെൽട്രോൺ ലി. തിരുവനന്തപുരത്തിന് നൽകിയത്<br>വൗച്ചർ നം. 21700134/31-5-17 | 40,000 | കെൽട്രോൺ ലി. തിരുവനന്തപുരത്തിൽ നിന്നുള്ള രശീതി, വിനിയോഗ/പൂർത്തീകരണ വിവരം |
| സ്ട്രീറ്റ് ലൈറ്റുകൾക്കായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ<br>ചെക്ക് നം.715144140000002/27-3-18 | 15,79,672 | KSEB, പാണ്ടിക്കാടിൽ നിന്നുള്ള വിനിയോഗ/പൂർത്തീകരണ വിവരം |
| വിവിധ കുടിവെള്ള പദ്ധതികൾ വൈദ്യുതീകരിക്കുന്നതിന് CD/OYEC അടവാക്കിയത്<br>വൗച്ചർ നമ്പർ: | 2,41,767 | ചെലവ് രേഖകൾ, വിനിയോഗ/പൂർത്തീകരണ വിവരം |

| | | | |
|---|---|---|---|
| 21700284/18-7-17 – 45328/-<br>21700669/03-01-18 – 130802/-<br>21700807/28-02-18 – 65637/- | | | |
| ആകെ | 18,61,439 | | |

ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും, നല്കിയ തുകയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ എന്നിവ ഹാജരാക്കുന്നത് വരെ ചെലവ് തുക 18,61,439 രൂപ തടസ്സം ചെയ്യുന്നു.

## 3-2 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, വെള്ളക്കരം - സംയുക്ത പരിശോധന നടത്തി അടവു തുക പുനർ നിർണ്ണിയിക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്തിൽ ജല അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് വാട്ടർ ചാർജ് അടച്ചു വരുന്നുണ്ട്. സ.ഉ(സാ)1275/2009/ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജല അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ മാസവും ജല അതോറിറ്റി സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 45,063/-രൂപ (5,250 വീതം 103 ടാപ്പുകൾക്ക്) ജല അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല:

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ.

2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

ടാപ്പുകളുടെ ഉപയോഗക്ഷമത സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും ആയതിൻെറ അടിസ്ഥാനത്തിൽ വെള്ളക്കരം പുനർ നിർണ്ണിയിക്കേണ്ടതുമാണ്.

II. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 15,756/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല :

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ.

2. KSEBയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

നിലവിൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിൻെറ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് പുനർ നിർണ്ണയിക്കേണ്ടതാണ്.

## 3-3 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറി സെസ് നാളിതുവരെ അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2017-18 ൽ വസ്തു നികുതിയോടൊപ്പം പിരിച്ചെടുത്ത 5,75,781 രൂപ ലൈബ്രറിസെസ് നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-4 രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല - ചെലവു തുക 6,43,397 രൂപ തടസ്സം ചെയ്യുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നമ്പർ | ചെലവ് വിവരം | വൗച്ചർ/ ബിൽനം. | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|
| 1 | നെൽവയൽ തണ്ണീർത്തട ഡാറ്റാബാങ്ക് അച്ചടിച്ചതിൻെറ ചെലവ് | 21700072/29-04-17 | 42,577 | ഗവ. പ്രസ് ഷൊർണ്ണൂറിൽ നിന്നുള്ള രശീതി |
| 2 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ | 21700486/17-10-17 | 3,04,300 (final bill) | BHELൽ നിന്നുള്ള രശീതി |
| 3 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങൽ | ബിൽ നം.27/31-03-18 | 99,200 | Candid സിസ്റ്റംസ് & ടെക്നോളജീസ് പെരിന്തൽമണ്ണയിൽ നിന്നുള്ള രശീതി |

| | | | | |
|---|---|---|---|---|
| 4 | ഓഫീസ് കോമ്പൗണ്ടിൽ മാലിന്യ സംസ്കരണ പ്ലാന്റ് | ബിൽ നം15/30-01-18 | 25,000 | അനുബന്ധ ചെലവ് രേഖകൾ |
| 5 | ഗ്രാമ പഞ്ചായത്ത് സർവ്വർ റൂം എയർ കണ്ടീഷൻ ചെയ്യൽ | ബിൽ നം28/31-03-18 | 44,300 | അനുബന്ധ ചെലവ് രേഖകൾ |
| 6 | സി.എച്ച്. ഹാളിൽ ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | ബിൽ നം18/30-01-18<br>ബിൽനം24/31-03-18<br>ബിൽ നം31/31-03-18 | 1,28,020 | അനുബന്ധ ചെലവ് രേഖകൾ |
| ആകെ | | | 6,43,397 | |

14/31-10-18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 6,43,397 രൂപ തടസ്സം ചെയ്യുന്നു.

## 3-5 പരിരക്ഷ പദ്ധതി - അപാകതകൾ

പ്രൊജക്ട് : പരിരക്ഷ പദ്ധതി

നം. : S0210/18

അടങ്കൽ : 8,85,000 (6,20,000 - പ്ലാൻ ; 2,65,000- തനത്)

പാലിയേറ്റീവ് പരിചരണത്തിനു വേണ്ടിയുള്ള മാർഗ്ഗരേഖ (സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015) യിലെ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല :

1. മാർഗ്ഗരേഖയിലെ ഖണ്ഡിക 2.3 ൽ സൂചിപ്പിച്ച പ്രകാരം ഓരോ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമ പഞ്ചായത്ത് ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ അതിനിടക്കുള്ള ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതാണ്. എന്നാൽ പി.എം.സി മിനുട്സ് (2017-18) പരിശോധിച്ചതിൽ വർഷാരംഭത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി എം സി) രൂപീകരിച്ചതിന്റെ വിവരം ഇല്ല.

2017-18 വർഷം 1 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

2. മാർഗ്ഗരേഖ ഖണ്ഡിക 2.4 ൽ സൂചിപ്പിച്ച പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ

ഇംപ്ലിമെൻേറഷൻ കമ്മറ്റിയും (പി.ഐ.സി) രൂപീകരിക്കേണ്ടതുണ്ട്. എല്ലാ മാസവും 5ാം തിയതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്. എന്നാൽ അപ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

3. മാർഗ്ഗരേഖ ഖണ്ഡിക 2.6.3-(6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ഇപ്രകാരം ചെയ്തിട്ടില്ല.
13/31-10-18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, അപാകതകൾ പരിഹരിച്ച്, ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്.

## 3-6 മരുന്നുകൾ ലഭ്യമായില്ല -ചെലവ് തുക തടസ്സം ചെയ്യുന്നു

S0212/18 : PHCക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 3,00,000

ബിൽ നം.9/22-12-2017 : 3,00,000

S0210/18 : പരിരക്ഷ പദ്ധതി

അടങ്കൽ - 8,85,000

ബിൽ നം.8/22-12-2017 : 4,00,000

മേൽ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ - പി.എച്ച്.സി, കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 7,00,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി KMSCL മരുന്നുകൾ വിതരണം ചെയ്തിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ സമിതിയും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 7,00,000 രൂപ തടസ്സം ചെയ്യുന്നു.

## 3-7 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. തുല്യതാ പഠന പദ്ധതി.

പ്രൊ.നം. 185/18: തുല്യതാ പഠന പദ്ധതി.

1.ചെക്ക്നം.7146582/16-03-2018 Rs-125800

2.ചെക്ക്നം. 7146587/ 23-03-2018 Rs-739211(Rs 4250 തുല്യതാ പഠന പദ്ധതി ഇനത്തിലുള്ള ചെലവ്)

പത്താം ക്ലാസ് തുല്യതാ കോഴ്സിൽ പഠിതാക്കൾക്ക് അപേക്ഷാ ഫോറം ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ 1,25,800 രൂപ ചെലവഴിച്ചിട്ടുണ്ട്. പഠിതാക്കളുടെ വിശദ വിവരങ്ങളും (അപേക്ഷാ ഫോം, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്) രജിസ്ട്രേഷൻ ഫീസ് കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ ഡയറക്ടർക്ക് അയച്ചു കൊടുത്തതു സംബന്ധിച്ച വിവരങ്ങളും ആയതു സംബന്ധിച്ചുള്ള കൈപ്പറ്റു രശീതും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ,

1,25,800 രൂപ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം.6/29-10-2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. S S Aവിഹിതം അടവാക്കൽ-അപാകതകൾ

1.പ്രൊ. നം. 182/17:S S A വിഹിതം അടവാക്കൽ (ജനറൽ)

ബിൽ നം1/2017-18/13-10-17 RS.1073155

2.പ്രൊ. നം. 183/17:S S A വിഹിതം അടവാക്കൽ (എസ്.സി)

ബിൽ നം2/2017-18/ 13-10-17 RS.3,00,000

എസ് എസ് എ സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 70.42 ലക്ഷം രൂപയുടെ ചെലവുണ്ട്. (ഗ്രാമ പഞ്ചായത്ത് വിഹിതമായി 13,73,155 രൂപ നൽകിയിട്ടുണ്ട്.) ആയതിന്റെ ചെലവ് സംബന്ധിച്ച വിശദ വിവരം ലഭ്യമല്ല . വിശദ വിവരം അറിയിക്കേണ്ടതാണ്.

## 3-8 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിൽ വരുത്തിയ പദ്ധതികളിലെ അപാകതകൾ

1.വൃദ്ധ ജനങ്ങൾക്ക് പകൽവീട്-പദ്ധതിയിലെ അപാകതകൾ

പ്രൊ. നം. 229/18:വൃദ്ധ ജനങ്ങൾക്ക് പകൽവീട്.

1.ബിൽ നമ്പർ-25/17-18 dtd 26.03.2018 RS.49015

2.ബിൽ നമ്പർ-23/ 17-18 dtd 26.03.2018 RS.42700

3.ബിൽ നമ്പർ-22/ 17-18 dtd 26.03.2018 RS.3009

വൃദ്ധ ജനങ്ങൾക്ക് പകൽവീട് എന്ന പ്രൊജക്ട് ഇനത്തിലുള്ള ചെലവുകൾ താഴെ പറയുന്നവയാണ്

| ക്രമ നമ്പർ | ചെലവിനം | തുക |
|---|---|---|
| 1 | ഫർണ്ണിച്ചർ, പാത്രങ്ങൾ | 49015 |
| 2 | ടെലിവിഷൻ അനുബന്ധ ഉപകരണങ്ങൾ | 42700 |
| 3 | ഗ്യാസ് കണക്ഷൻ | 3009 |
| ആകെ | | 94724 |

വാങ്ങിയ ഫർണ്ണിച്ചറുകൾ, ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയവ കൈപ്പററിയതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (7/29.10.2018) മറുപടിയായി പകൽ വീട് പ്രവർത്തനം തുടങ്ങാത്തതിനാൽ ഫർണ്ണിച്ചറുകൾ, ഉപകരണങ്ങൾ മുതലായവ കൈമാറിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പകൽവീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും വാങ്ങിയ ഫർണീച്ചറുകൾ, ഉപകരണങ്ങൾ എന്നിവ പകൽവീടിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ്. ചെലവു തുക 94,724 രൂപ തടസ്സം ചെയ്യുന്നു.

2. ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനാ റിപ്പോർട്ട് സംബന്ധിച്ച്

1-2-10, 5-6-10 തീയ്യതികളിലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐസിഡിഎസ് ബി3 312/10 കത്തിൽ ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നുണ്ട്. 2017-18 വർഷത്തിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ അംഗനവാടികളിലേക്കായി 29,98,825 രൂപയുടെ ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ ലാബ് പരിശോധന നടത്തിയിട്ടില്ല. ന്യൂട്രിമിക്സിന്റെ ഗുണമേൻമ ഉറപ്പ് വരുത്തുന്നതിനു ലാബ് പരിശോധന നടത്തി തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-9 ഹാൻഡ് ഹെൽഡ് ബില്ലിംഗ് മെഷീൻ നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

പ്രൊജക്ട് നം. 50/18 : ഹാൻഡ് ഹെൽഡ് ബില്ലിംഗ് മെഷീൻ വാങ്ങൽ

ചെക്ക് നം. 5795562/14-11-17 Rs. 19,980 (തനതു ഫണ്ട്)

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

മൃഗ സംരക്ഷണ അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരത്തിന്റെ 25-4-16 ലെ സി-625/2016 നമ്പർ കത്തിൽ, എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരോടും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഒരോ ബില്ലിംഗ് മെഷീൻ വീതം വാങ്ങാനാണ് ഈ പദ്ധതി തയ്യാറാക്കിയത്. 3 ക്വട്ടേഷനുകൾ ലഭിച്ചതിൽ കുറഞ്ഞ തുക കാണിച്ച SR Value Dealers, Aroor, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ Invoice No. 376/31-3-18 പ്രകാരം 19,980 രൂപയ്ക്ക് 2 മെഷീനുകൾ വാങ്ങിയിട്ടുണ്ട്.

അപാകതകൾ.

1) പർച്ചേസ് ബിൽ (Tax Invoice) ക്യാൻസൽ ചെയ്യുകയോ, തുക നൽകിയതും സ്റ്റോക്ക് വിവരവും അതിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

2) മെഷീനുകൾ സ്റ്റോക്കിലെടുത്തത് Register of Instruments Vol-II എന്ന് പേരു കൊടുത്ത Biological Register – for Common Drug Register എന്ന് അച്ചടിച്ച പുസ്തകത്തിലാണ്. ടി രജിസ്റ്ററിലെ Page 44-ൽ ഇവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും, ഇൻവോയ്സ് വിവരം, പർച്ചേസ് നടത്തിയ വൗച്ചറിന്റെ വിവരം എന്നിവ ചേർക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) ക്വട്ടേഷൻ പ്രകാരം ഒരു വർഷത്തെ വാറണ്ടിയാണ് ഉള്ളത്, എന്നാൽ നാളിതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാറണ്ടി പരിരക്ഷ നഷ്ടപ്പെടാറായിട്ടുണ്ട്.

4) ഇൻവോയ്സ് പ്രകാരം ടി മെഷീനുകൾ ലീഗൽ മെട്രോളജി വകുപ്പിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക 19,980 രൂപ തടസ്സം ചെയ്യുന്നു.

## 3-10 കോഴി വിതരണം- അപാകതകൾ

പ്രൊജക്ട് നം. 386/18 : കോഴി വിതരണം- 400 പേർക്ക്

ബിൽ നം. 31198/31-3-18 Rs. 4,63,000 (വികസന ഫണ്ട്)

ചെക്ക് നം.7146600/31-3-18 Rs. 4,63,000(ഗ്ര. വി)

ആകെ : 9,26,000

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

ഈ പ്രൊജക്ട് പ്രകാരം 926 ഗുണഭോക്താക്കൾക്ക് 10 വീതം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതായി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് സ്ഥാപനത്തിന്റെ ബിൽ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളത്.

വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/30-10-18 ക്ക് മറുപടിയായി സ്ഥാപനത്തിന്റെ ബിൽ പകർപ്പ് ഹാജരാക്കി. എന്നാൽ മറ്റു അപാകതകൾ പരിഹരിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക 9,26,000 രൂപ തടസ്സം ചെയ്യുന്നു.

## 3-11 കൃഷി ഭവനിലേക്ക് UPS വാങ്ങിയത് - സ്റ്റോക്കിലെടുത്തില്ല.

പ്രൊജക്ട് നം. 234/18 : കൃഷി ഭവനിലേക്ക് UPS വാങ്ങൽ

ബിൽ നം. 7/17-18/26-3-18 Rs. 47,836

ഈ പ്രൊജക്ട് പ്രകാരം Amster Business Corporation, കൊണ്ടോട്ടിയുടെ Invoice No. AM0064/21-2-18 മുഖേന UPS വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ സ്റ്റോക്കിലെടുത്ത വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയപ്പോൾ പുതിയ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി കാണിച്ചെങ്കിലും ടി രജിസ്റ്ററിൽ മറ്റൊരു സാധനവും സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. UPS വാങ്ങണമെങ്കിൽ ഉണ്ടായിരിക്കേണ്ട കമ്പ്യൂട്ടർ ടി രജിസ്റ്ററിൽ കാണാത്തതിനാൽ ഈ വാങ്ങലിന്റെ ആവശ്യകത വ്യക്തമല്ല. സർവ്വോപരി ഓഫീസ് രേഖകൾ അലക്ഷ്യമായും ഉത്തരവാദിത്വമില്ലാതെയും കൈകാര്യം ചെയ്യുന്നതിന്റെ പ്രത്യക്ഷോദാഹരണമാണിത്.

കൃഷി ഭവന്റെ ഔദ്യോഗികമായ രജിസ്റ്ററിൽ സ്റ്റോക്കിലെടുത്ത് മതിയായ സാക്ഷ്യപ്പെടുത്തലോടെ ഹാജരാക്കുന്നതു വരെ ചെലവു തുക 47,836രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റിനു ഫയലുകൾ എത്തിക്കാൻ വൈകിപ്പിച്ചതിനാലും, കൃഷി ഭവൻ പഞ്ചായത്തു കാര്യാലയത്തിൽ നിന്നും അകലെയായതിനാലും ടി ഉപകരണങ്ങൾ നേരിട്ട് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.)

(ഓഡിറ്റ് എൻക്വയറി നം. 23/1-11-18 ന് മറുപടി ലഭിച്ചിട്ടില്ല)

## 3-12 കൃഷി ഓഫീസറുടെ പദ്ധതി നിർവഹണത്തിലെ അപാകതകൾ

1) ജൈവവള വിതരണം- യഥാർത്ഥ ബില്ലുകൾ ഹാജരാക്കിയില്ല.

കൃഷി ഓഫീസർ തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ വഴി ജൈവവള വിതരണം നടത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് നം.- ചെലവ് | പേര് |
|---|---|---|
| 1 | 200/18 – 6,69,300/- | നെൽകൃഷി വികസന പദ്ധതി |
| 2 | 201/18 – 4,50,000/- | പച്ചക്കറി വികസന പദ്ധതി |
| 3 | 202/18 – 9,64,987/- | വാഴക്കൃഷി വികസന പദ്ധതി |

എന്നാൽ ഇവയുടെ ഫയലുകളിലൊന്നിലും ജൈവവളം വാങ്ങിയതിന്റെ യഥാർത്ഥ ബില്ലുകൾ ഇല്ല. വെള്ളക്കടലാസിലുള്ള രണ്ടു പേരുടെ ഒപ്പുകൾ മാത്രം വച്ചാണ് തുക നൽകിയിട്ടുള്ളത്. ജൈവവളം ഏതാണെന്ന് വ്യക്തമാക്കുകയും, അതിന് ജില്ലാ തലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനനുസരിച്ച് യഥാർത്ഥ ഉത്പാദകരിൽ നിന്നും വാങ്ങുകയും ചെയ്യേണ്ടതാണ്.

2) സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുക്കുന്നില്ല.

തൻവർഷം നെൽ വിത്ത്, പച്ചക്കറി വിത്ത്, കിഴങ്ങു വിത്തുകൾ, UPS തുടങ്ങിയവ വാങ്ങുന്നുണ്ട്. എന്നാൽ ഇവ വാങ്ങുന്ന പർചേസ് ബില്ലുകളിൽ/ ഇൻവോയ്സിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുകയോ, ബില്ലുകൾ കാൻസൽ ചെയ്തു സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. കൂടാതെ, പഞ്ചായത്തുകൾ വഴിയുള്ള സ്കീമുകളുടെ വിവരം പ്രത്യേകം രജിസ്റ്ററുകളിൽ മാത്രം രേഖപ്പെടുത്തുന്നതായും കാണുന്നു.

സ്ഥാപനത്തിലെ മൊത്തം ഇടപാടുകൾ പ്രധാന രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, പ്രത്യേകം കാണിക്കേണ്ട കാര്യങ്ങൾ സബ്സിഡിയറി രജിസ്റ്ററുകളിൽ എടുത്തെഴുതുകയുമാണ് ചെയ്യേണ്ടത്.

3) രേഖകൾ പരിശോധനക്ക് ലഭ്യമല്ല

നെൽകൃഷി വികസന പദ്ധതി പ്രകാരം കൂലിച്ചെലവു നല്കിയതിന്റെ കൃത്യത പരിശോധിക്കാൻ, കൃഷി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) കൃഷി അസിസ്റ്റന്റുമാരുടെ പരിശോധനാ റിപ്പോർട്ടുകൾ അപൂർണം.

പ്രൊജക്ടുകൾ വഴി കർഷകർക്ക് ജൈവവളം വിതരണം ചെയ്യുന്നതും, മറ്റു ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതും കൃഷി അസിസ്റ്റന്റുമാരുടെ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ, പദ്ധതി മാർഗരേഖകൾ, സർക്കാർ ഉത്തരവുകൾ, മറ്റു നിയമങ്ങളും ചട്ടങ്ങളും എന്നിവ പ്രകാരം നിശ്ചയിച്ച നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാതെ, പ്രൊഫോർമയിൽ ഒരു ഒപ്പു രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയായിരിക്കേണ്ടതാണ്.

5) ഫയലുകൾ കൃത്യതയോടെ സൂക്ഷിക്കുന്നില്ല.

പ്രൊജക്റ്റ് റിപ്പോർട്ടുകൾ, ബില്ലുകൾ, സബ് വൗച്ചറുകൾ തുടങ്ങിയവ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയും, രജിസ്റ്ററുകളിലെ ക്രമത്തിലും ഫയൽ ചെയ്തു സൂക്ഷിക്കുന്നതിനു പകരം വ്യവസ്ഥാപിതമായിട്ടല്ലാതെ കെട്ടി വച്ചിരിക്കുന്നതാണ് കാണുന്നത്. അസിസ്റ്റന്റുമാർക്ക് ജോലി വിഭജിച്ചു നൽകി ഫയലുകൾ കൃത്യതയോടെ സൂക്ഷിക്കുന്നതിനു മേൽനോട്ടം വഹിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 26) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 3-13 ജലസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയില്ല.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. റീചാർജ് ആവശ്യമുള്ള കിണറുകളെ ഒരു സർവ്വേയിലൂടെ കണ്ടെത്തേണ്ടതുമാണ്. സ.ഉ (കൈ) നം 161/16/തസ്വഭവ തി.9-11-16 പ്രകാരം ജലസുരക്ഷ സമ്പൂർണ്ണ കിണർ റീചാർജ് സബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ എട്ട് കിണർ റീചാർജ് പ്രവൃത്തികളാണ് എംജിഎൻആർഇജിഎസ് മേൽനോട്ടത്തിൽ നിർവ്വഹണം നടത്തിയത്. ഇതു കൂടാതെ കിണർ നിർമ്മാണം, കുളം സംരക്ഷണം, തോട് സംരക്ഷണം, മഴക്കുഴി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും നിർവ്വഹിച്ചിട്ടുണ്ട്.

വേനൽക്കാലത്ത് ഗ്രാമപഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. ഓഡിറ്റ് വർഷത്തിൽ കുടിവെള്ള വിതരണത്തിനായി താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21700135/31-3-17 | 437184 |
| 21700213/21-6-17 | 446688 |

കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത കണക്കാക്കുമ്പോൾ ഇപ്പോൾ ചെയ്തുവരുന്ന ജലസംരക്ഷണ പ്രവൃത്തികൾ അപര്യാപ്തമാണ്. കിണർ റീചാർജ് സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-14 ഷീ ടോയ്‌ലറ്റ് പ്രയോജനപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജെക്റ്റ് നമ്പർ 301/18 പ്രകാരം വികസന ഫണ്ടിൽ നിന്നും 152052 രൂപ ചെലവഴിച്ച് ഷീ ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ രണ്ടാം നിലയിലാണ് ടോയ്‌ലറ്റിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. രേഖകൾ പ്രകാരം 15-3-18 ന് ടോയ്‌ലറ്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ 26-10-18 ന് നടത്തിയ സ്ഥലപരിശോധനയിൽ മേൽ ടോയ്‌ലറ്റ് ആരും പ്രയോജനപ്പെടുത്താതെ അടച്ചിട്ടിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. ടോയ്‌ലറ്റിന്റെ സാന്നിധ്യം സൂചിപ്പിക്കുന്ന ബോർഡുകളൊന്നും സ്ഥാപിച്ചിട്ടില്ല. ഇത്രയും രൂപ ചെലവഴിച്ച് ടോയ്‌ലറ്റ് നിർമ്മിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ടോയ്‌ലറ്റ് പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 മരാമത്ത് പ്രവൃത്തികൾ ഒരവലോകനം

2017-18 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജെക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതികളുടെ എണ്ണം | 285 | ആകെ അടങ്കൽ | 67388096 |
| നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | 215 | ചെലവ് | 42818518 |
| ശതമാനം | 75.4% | ശതമാനം | 63.5% |

ഗ്രാമപഞ്ചായത്തിൽ ഒരു അസി.എഞ്ചിനീയറും രണ്ട് ഓവർസിയറുമാരും ഉൾപ്പടെ ആകെ മൂന്ന് ഉദ്യോഗസ്ഥരാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. ഉദ്യോഗസ്ഥരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നിർവ്വഹണത്തിന് തടസ്സം ഉണ്ടാക്കുന്നുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജെക്ടുകളിൽ 121എണ്ണവും സ്പിൽഓവർ പ്രോജെക്ടുകളാണ്. അവയിൽ 15 എണ്ണം തൻവർഷവും നടപ്പാക്കിയിട്ടില്ല. സർക്കാരിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക നഷ്ടപ്പെടാൻ ഇതു കാരണമാകും.

1 പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്ട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ആകെ ആറു യോഗങ്ങൾ കൂടിയിട്ടുണ്ടെന്നു കാണാൻ കഴിഞ്ഞു. എന്നാൽ രണ്ട് യോഗങ്ങളിൽ യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പതിമൂന്നോളം യോഗങ്ങൾ തൻവർഷം ചേർന്നിട്ടുണ്ട്. 2017-18 ലെ പദ്ധതി രൂപീകരമവുമായി ബന്ധപ്പെട്ട സ.ഉ (എംഎസ്) 10/17 തസ്വഭവ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിനെ മൊത്തം ഒറ്റ യൂണിറ്റായി കണ്ട് പ്രോജെക്ടുകൾ നടപ്പാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

2 റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായി തയ്യാറാക്കണമെന്നും ഏതൊരു റോഡ് നിർമ്മാണ പ്രോജെക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി രേഖകളിൽ പരാമർശിച്ചിട്ടുണ്ട്.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാക്രമത്തിൽ മാത്രം പ്രോജെക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകേണ്ടതും ആയതു പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

3 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19-1-2017 ലെ ഇ7/11350/2015/CE/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ സൂക്ഷിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നില്ല.

1 സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ

2 ടെണ്ടർ ഷെഡ്യൂൾ വില്പന രജിസ്റ്റർ

3 ഇ എം ഡി രജിസ്റ്റർ

4 എസ്റ്റിമേറ്റ് രജിസ്റ്റർ

5 വെൽഫയർ ഫണ്ട് രജിസ്റ്റർ

6 എംബുക്ക് സ്റ്റോക്ക് രജിസ്റ്റർ

7 ദർഘാസ് ഫോറം രജിസ്റ്റർ

8 റോഡ് രജിസ്റ്റർ

9 പ്രോജെക്റ്റ് രജിസ്റ്റർ

മേൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല

ജി ഒ (എംഎസ്) 72/2017 ത സ്വ ഭ വ തി. 29-3-17 പദ്ധതി മാർഗ്ഗരേഖ പ്രകാരം സ്പിൽ ഓവറായി തയ്യാറാക്കുന്ന പ്രോജെക്ടുകൾ തൻവർഷം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന സ്പിൽ ഓവറായിട്ടുള്ള കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ലെന്ന് 26-10-18 ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.

| പ്രോജെക്റ്റ് നമ്പർ | കുടിവെള്ള പദ്ധതിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| SO 159/18 | മാങ്ങോട്ട്കുന്ന് കുടിവെള്ള പദ്ധതി | ഇലക്ട്രിക് കണക്ഷൻ കിട്ടിയിട്ടില്ല |
| SO151/18 | അത്തിക്കുന്ന് കുടിവെള്ള പദ്ധതി | മോട്ടോർ സ്ഥാപിച്ചിട്ടില്ല, ഇലക്ട്രിക് കണക്ഷൻ കിട്ടിയിട്ടില്ല, ഡിസ്ട്രിബ്യൂഷൻ ലൈൻ പൂർത്തിയായിട്ടില്ല. |

മേൽ പ്രവൃത്തികളിൽ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളെ ഒറ്റ യൂണിറ്റായി കണ്ട് തുക വകയിരുത്താതെ ഭാഗികമായി ചെയ്യുന്നത് ആശാവഹമല്ല. മേൽ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കേണ്ടതാണ്. പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ കരാറുടമ്പടി വെച്ച് തുടർ നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറും വിധം പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

5 തൻവർഷം ആർജ്ജിച്ച എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6 പ്രൊജെക്റ്റ് നിർവ്വഹണം പൂർത്തിയാക്കിയ ശേഷം പ്രൊജെക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും

കൈവരിച്ച നേട്ടങ്ങളും പ്രതിപാദിച്ച് പൂർത്തീകരണപത്രം തയ്യാറാക്കിയിട്ടില്ല.

7 ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ ഗുണഭോക്തൃസമിതി മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ബാങ്ക് അക്കൗണ്ട് മുഖേന വരവ് ചെലവ് നടത്തുകയോ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുകയോ ചെയ്യുന്നില്ല.

8 കാഷ്ബുക്ക് -വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രൊജെക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ<br>നം.247/18 | 2,00,000 | 0 |
| | 2,00,000 | നെൽകൃഷി വികസന പദ്ധതി<br>നം. 200/18 | 2,00,000 | 0 |
| | 4,00,000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി നൽകൽ<br>നം.188/18 | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 7,75,000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 7,73,514 | 1486 |

| | | | | |
|---|---|---|---|---|
| | | നൽകൽ<br>നം.247/18 | | |

ചെലവഴിക്കാത്ത തുക 1486 രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/വൗച്ചർ നമ്പർ | തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>നം. 282/18 | 714659127/<br>27-03-18 | 15,79,672 | - | - | 15,79,672 |
| | വിവിധ കുടിവെള്ള പദ്ധതികൾ വൈദ്യുതീകരിക്കുന്നതിന് CD/OYEC അടവാക്കൽ<br>നം.43/18 | 21700284/<br>18-07-17 | 45,328 | - | - | 45,328 |
| | | 21700669/<br>03-01-18 | 1,30,802 | - | - | 1,30,802 |
| | | 21700807/<br>28-02-18 | 65,637 | - | - | 65,637 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 6,09,579 |
| തൻവർഷം നിക്ഷേപിച്ച തുക -പലിശ | 54,412 |
| ആകെ | 6,63,991 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,63,991 |

2017-18 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വെട്ടിക്കാട്ടിരി സർവീസ് സഹകരണ ബാങ്ക്<br>A/c no. 0020130006558. (Due date: 30-1-2018) | 6,58,991 |
| The Malappuram District Panchayat Employees Co-op Society , Ltd No.M-567, Malappuram | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,91,78,592 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 13,56,94,323 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 12,797.80 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 44,19,176 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 8596.80 | ശ്രീ.ടോമി ജോൺ, സെക്രട്ടറി. |
| 2-2 | 4201 | ശ്രീ.ടോമി ജോൺ, സെക്രട്ടറി. |
| ആകെ | 12,797.80 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 18,61,439 | ശ്രീ.ടോമി ജോൺ, സെക്രട്ടറി. (1821439)<br>ശ്രീ.രാജീവ്.പി.കെ., സെക്രട്ടറി (40,000) |
| 3-4 | 6,43,397 | ശ്രീ.ടോമി ജോൺ, സെക്രട്ടറി.<br>ശ്രീ.രാജീവ്.പി.കെ., സെക്രട്ടറി (42,577) |
| 3-6 | 7,00,000 | ഡോ.ലാൻസ്ലറ്റ്, മെഡിക്കൽ ഓഫീസർ ,(PHC) |
| 3-7(1) | 1,25,800 | ശ്രീമതി.ജ്യോതിർമയി, ഹെഡ്മിസ്ട്രസ്സ് |
| 3-8 | 94,724 | ശ്രീമതി. സലീല.എം., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-9 | 19,980 | ഡോ.രവി കുമാർ, വെറ്ററിനറി സർജൻ |
| 3-10 | 9,26,000 | ഡോ.രവി കുമാർ, വെറ്ററിനറി സർജൻ |
| 3-11 | 47,836 | ശ്രീമതി.ഫാത്തിമ ഷഹീന.കെ.എം, കൃഷി ഓഫീസർ |
| ആകെ | 44,19,176 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-3, 2-4, 2-5, 2-6, 2-7, 2-8

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ടോമി.ജോൺ, സെക്രട്ടറി | റിട്ടയർ ചെയ്തു | മരുതിപറമ്പിൽ ഹൗസ്, അനുഗ്രഹം, കുമൻകുളം, മഞ്ചേരി – 676 123 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എം.6/821/03 തി.01.11.2010 | 45 |
| 1998-99 | എൽ.എഫ്.എം.6/1107/01 തി.01.11.2010 | 30 |
| 1999-00 | എൽ.എഫ്.എം.6/1892/07 തി.01.11.2010 | 23 |
| 2000-01 | എൽ.എഫ്.എം.6/1230/09 തി.01.11.2010 | 4 |
| 2001-02 | എൽ.എഫ്.എം.6/1231/09 തി.01.11.2010 | 6 |
| 2000-01,<br>2001-02<br>(ചെലവ്) | എൽ.എഫ്.എം.6/1812/04 തി.01.11.2010 | 52 |
| 2002-03 | എൽ.എഫ്.എം.6/1232/09 തി.01.11.2010 | 30 |
| 2003-04 | എൽ.എഫ്.എം.6/1413/09 തി.01.11.2010 | 36 |
| 2004-05 | എൽ.എഫ്.എം.6/414/09 തി.01.11.2010 | 6 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.എം.7/407/11 തി.4.6.2011 | 9 |
| 2006-07 | എൽ.എഫ്.എം.7/694/11 തി.3.8.2014 | 7 |
| 2007-08 | എൽ.എഫ്.എം.7/779/09 തി.15.12.09 | 11 |
| 2008-09 | എൽ.എഫ്.എം.7/1165/11 തി.12.7.2011 | 10 |
| 2009-10 | എൽ.എഫ്.എം.7/1166/11 തി.11.7.2011 | 10 |
| 2010-11 | എൽ.എഫ്.എം.7/764/12 തി.8.11.12 | 6 |
| 2011-12, 2012-13 | എൽ.എഫ്.എം.7/1980/14 തി:3.12.2014 | 15 |
| 2013-14 &2014-15 | എൽ.എഫ്.എം.7/1405/16 തി:14.06.2016 | 15 |
| 2015-16 | കെ.എസ്.എ./എം.പി.എം.7/3207/17തി: 8.2.2017 | 18 |
| 2016-17 | കെ.എസ്.എ./എം.പി.എം.7/1563/17തി: 26.07.2017 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം7/1216/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 04-07-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

AUDIT CERTIFICATE

No.KSA/MPM7/1216/2018

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 04-07-2018

Certified that I have audited the Annual Financial Statement of Pandikkad Grama panchayath in Malappuram District of the year ended on 31.3.2018 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Pandikkad Grama panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram